കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പൂക്കോട്ടൂർ ഗ്രാമ പഞ്ചായത്ത് ഓഡിറ്റ് റിപ്പോർട്ട്

2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
മലപ്പുറം ജില്ലാ ഓഡിറ്റ് കാര്യാലയം
e-mail:dompm.ksad@kerala.go**v.in**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.27/1933/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാഓഡിറ്റ് കാര്യാലയം,

ഇ-മെയിൽ -dompm.ksad@kerala.gov.in

വെബ്-www.lfa.kerala.gov.in

ഫോൺ 0483 2734951

തീയതി. 22-10-18

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്, (സെക്രട്ടറി മുഖേന)

പൂക്കോട്ടൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :പൂക്കോട്ടൂർ ഗ്രാമ പഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൂക്കോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാന ത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, മലപ്പുറം
3) പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം
4)കാര്യാലയ പകർപ്പ്

നം കെ എസ് എ.എം.പി.എം.27 /1933/2018 തിയ്യതി: 22-10-18

മലപ്പുറം ജില്ലയിലെ പൂക്കോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

മലപ്പുറം ജില്ലയിലെ പൂക്കോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യപത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 18.08.2017 മുതൽ 17.07.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ലഭ്യമാക്കിയ മറുപടി പരിഗണിച്ച ശേഷം നിലനിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണങ്ങളുടേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ: ശ്രീ എ.എസ് . ഷാജഹാൻ, ഡെപ്യൂട്ടി ഡയറക്ടർ .

ഓഡിറ്റിന് വിനിയോഗിച്ച സമയം: 17.07.2018 മുതൽ 28.07.2018 വരെ

1. ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ :

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | ശ്രീമതി. ഷീബ. ഇസഡ്. | ഓഡിററ് ഓഫീസർ (ഹ. ഗ്രേ.) |
| 2 | ശ്രീ. അഷ്റഫ്.കെ.പി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| 3 | ശ്രീമതി.ലത.ഒ.വി. | ഓഡിറ്റർ |
| 4 | ശ്രീ. ബിജേഷ്. എ.എസ് | ഓഡിറ്റർ |

2.നിർവഹണാധികാരികൾ

പ്രസിഡന്റ്

| പേര് | കാലയളവ് |
|---|---|
| ശ്രീമതി.സുമയ്യ.വി.പി. | 1.4.2017 മുതൽ 31.3.2018 വരെ |

സെക്രട്ടറി

| ക്രമ നം | പേര് | കാലയളവ് |
|---|---|---|
| 1 | ശ്രീമതി. ആബിദ.ടി | 1.4.17 മുതൽ 3.5.17 വരെ |
| 2 | ശ്രീ.മജീദ്. എം (അസി. സെക്രട്ടറി ഇൻ ചാർജ്) | 4.5.17 മുതൽ 31.5.17 വരെ |
| 3 | ശ്രീമതി. ആബിദ.ടി | 1.6.17 മുതൽ 13.6.17 വരെ |
| 4 | ശ്രീ.മജീദ്. എം (അസി. സെക്രട്ടറി ഇൻ ചാർജ്) | 14.6.17 മുതൽ 23.07.17 വരെ |
| 5 | ശ്രീമതി .സുഷമ പി | 24.07.2017 മുതൽ 04.08.17വരെ |
| 6 | ശ്രീ.മജീദ്. എം (അസി.സെക്രട്ടറി ഇൻ ചാർജ്) | 05.08.2017 മുതൽ 20.08.2017വരെ |
| 7 | ശ്രീ.ബി.കെ.കൃഷ്ണകുമാർ | 21.08.2017 മുതൽ 18.01.2018 വരെ |
| 8 | ശ്രീ.വി.എൻ.അനിൽ | 19.01.2018 മുതൽ 31.03.2018 വരെ |

മററുനിർവഹണാധികാരികൾ

| ക്രമ നം | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.മജീദ് .എം. | 1.4.2017 മുതൽ 31.3.2018 വരെ |
| 1 | കൃഷി ഓഫീസർ | ശ്രീ. അരുൺകുമാർ. | 1.4.2017 മുതൽ 01.12.2017 വരെ |
| | | ശ്രീ. പ്രകാശൻ പുത്തൻമഠത്തിൽ | 02.12.2017 മുതൽ 31.3.2018 വരെ |
| 2 | വില്ലേജ്എക്സ്റററൻഷൻ ഓഫീസർ | ശ്രീ. അജയകുമാർ വി | 1.4.2017 മുതൽ 31.3.2018 വരെ |
| 3 | മെഡിയ്ക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.യൂനുസ് സലീം | 1.4.2017 മുതൽ 31.3.2018 വരെ |

| | | | |
|---|---|---|---|
| 5 | മെഡിയ്ക്കൽ ഓഫീസർ (ആയുർവേദം) | ഡോ. പ്രമീള. | 1.4.2017 മുതൽ 31.3.2018 വരെ |
| 6 | വെറ്ററിനറി സർജൻ | ഡോ.ബിന്ദു പി പിള്ള | 1.4.2017 മുതൽ 31.3.2018 വരെ |
| 7 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ലില്ലി മാത്യു | 1.4.2017 മുതൽ 31.3.2018 വരെ |
| 9 | അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.നിഖിൽ ജെ കുമാർ | 1.4.2017 മുതൽ 31.3.2018 വരെ |
| 10 | ഹെഡ്മാസ്ററർ | ശ്രീ. മുസ്തഫ എം | 1.4.2017 മുതൽ 31.3.2018 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1.1 |
| 2 | വാർഷിക ധനകാര്യപത്രിക | 1.2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1.3 |
| 4 | സാമ്പത്തിക വിശകലനം | 1.4 |
| 5 | ഫണ്ട് വിനിയോഗം | 1.5 |
| 6 | പദ്ധതി അവലോകനം | 1.6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1.7 |
| 8 | ക്ഷേമപദ്ധതികൾ | 1.8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1.9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1.10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1.11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1.12 |

| | | |
|---|---|---|
| | ഭാഗം II | |
| 13 | ടവറുകളുടെ വസ്തുനികുതി ഈടാക്കാത്തത് സംബന്ധിച്ച് | 2-1 |
| 14 | ഡി&ഒ ലൈസൻസ് ഫീസ് കുറവായി ഈടാക്കി | 2-2 |
| 15 | കെട്ടിട വാടക ഇനത്തിൽ 49,733/- രൂപ കുടിശ്ശിക | 2-3 |
| 16 | കെട്ടിട നിർമ്മാണം / ക്രമവത്കരണം – ഫീ കുറവായി ഈടാക്കി | 2-4 |
| | ഭാഗം III | |
| 17 | ഇ-ടെൻഡർ മുഖേന സ്വീകരിച്ച ഇ.എം.ഡി.,ടെൻഡർ ഫീ എന്നിവ സർക്കാർ ഉത്തരവ്, സർക്കുലർ നിർദ്ദേശം എന്നിവ പാലിച്ച് പഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് കൈമാറിയില്ല | 3-1 |
| 18 | അസിസ്ററന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ ചില അപാകതകൾ | 3-2 |
| 19 | പണി പൂർത്തീകരിച്ച കുടിവെള്ളപദ്ധതി - മാർഗ്ഗരേഖ നിർദ്ദേശം പാലിച്ചില്ല --ചെലവുതുക തടസ്സം ചെയ്യുന്നു | 3-3 |
| 20 | പകൽവീട് പ്രവർത്തനരഹിതം - ചെലവുതുക പാഴ്ചെലവ് | 3-4 |
| 21 | അംഗീകരിച്ച പ്രോജക്ടിനും മാർഗ്ഗരേഖയ്ക്കും വിരുദ്ധമായ നിർവ്വഹണം-- തുക തടസ്സം ചെയ്യുന്നു | 3-5 |
| 22 | മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി 50,000/-രൂപയിൽ അധികരിച്ച അടങ്കൽ പ്രവൃത്തികൾ ഗുണഭോക്തൃസമിതി വഴി നിർവ്വഹണം നടത്തി - ചെലവു തുക തടസ്സം ചെയ്യുന്നു | 3-6 |
| 23 | മൃഗാശുപത്രി കെട്ടിടം ചുവരുകളിൽ വിള്ളൽ - അടിയന്തിര ശ്രദ്ധ അനിവാര്യം | 3-7 |
| 24 | കരാറുടമ്പടി വക്കാതെ തുക കൈമാറി - ചെലവുതുക തടസ്സംചെയ്യുന്നു | 3-8 |
| 25 | മരുന്നുകൾ ലഭ്യമാകാത്തതു സംബന്ധിച്ച് | 3-9 |
| 26 | എസ് എസ് എ യുടെ വിഹിതം - വിശദമായ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-10 |
| 27 | വി ഇ ഒ നിർവഹിച്ച പ്രൊജക്ടിലെ അപാകതകൾ | 3-11 |
| 28 | സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കാത്തത് | 3-12 |
| 29 | ഡെപ്പോസിറ്റ് പ്രവൃത്തികൾ - പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ് | 3-13 |
| 30 | ഗ്രോബാഗ് വിതരണം - സംബന്ധിച്ച് | 3-14 |

| | | |
|---|---|---|
| 31 | അംഗനവാടി പോഷകാഹാരം പദ്ധതി - മലബാർ അഗ്രികൾച്ചറൽ മാർക്കറ്റിംഗ് സൊസൈറ്റി എന്ന സ്ഥാപനത്തിൽ നിന്ന് ഉയർന്ന വിലക്ക് ഭക്ഷ്യ വസ്തുക്കൾ വാങ്ങി – പഞ്ചായത്ത് ഫണ്ടിന് നഷ്ടം | 3-15 |
| | ഭാഗം IV | |
| 32 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 33 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത് | 4-3 |
| 35 | വായ്പ തിരിച്ചടവ് | 4-4 |
| 36 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 37 | ഓഡിറ്റ് റിക്കവറി | 4-6 |
| 38 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 39 | സർചാർജ് നടപടികളുടെ വിവരം | 4-8 |
| 40 | ഓഡിററ് പ്രത്യവലോകനം | 4-9 |
| 41 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

28.04.2018 തീയ്യതിയിലെ 1-ാം തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 30.05.2018 | -- | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 11.06.2018 | നം. കെ.എസ്.എ-എം.പി.എം.27/1689/2018 തീയതി 03-07-18 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,08,45,012/- |

| | |
|---|---|
| വരവ് | 6,92,38,758/- |
| ആകെ | 9,00,83,770/- |
| ചെലവ് | 7,24,68,827/- |
| നീക്കിയിരിപ്പ് | 1,76,14,943/- |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | ലാപ്സായ തുക | സി.ബി |
|---|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | - | 15955000 | 15955000 | 15938479 | 16521 | - |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | - | 4676143 | 4676143 | 4661893 | 14250 | - |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | - | 2998 | 2998 | - | 2998 | - |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | | 4906000 | 4906000 | 4860535 | 45465 | - |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | | 3582000 | 3582000 | 3276431 | 305569 | - |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | 7493624 | 7493624 | 7405600 | 88024 | - |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | | 553552 | 553552 | 474159 | 79393 | |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | - | 11685809 | 11685809 | 11685809 | - | - |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 13097 | 698839 | 711936 | 709024 | 2912 | - |
| ബി ഫണ്ട് | | - | 10957690 | 10957690 | 10957690 | - | - |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 4113315 | 15665511 | 19778826 | 10214381 | - | 9564445 |
| | ട്രഷറി അക്കൗണ്ട് | 12688949 | 15788944 | 28477893 | 26658459 | - | 1819434 |
| എസ്.ബി.ടി – Own Fund | | 646179 | 118948 | 765127 | - | - | 765127 |
| വി.എസ്.സി.ബി പുല്ലാര | | 2247906 | 95536 | 2343442 | - | - | 2343442 |
| ട്രഷറി Own Fund – VPFA | | 5011 | - | 5011 | - | - | 5011 |
| എസ്.ബി.ഐ വള്ളുവമ്പ്രം – പൈക്ക | | 34053 | 1268 | 35321 | - | - | 35321 |
| എസ്.എം.ജി.ബി – Total Sanitation | | 1096502 | 1622692 | 2719194 | 20224 | - | 2698980 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 215 | 70998960 | 146 | 43145704 | 12 | 57 | 68% |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 13097 | 698839 | 711936 | 709024 | 2912 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 11685809 | 11685809 | 11685809 | - |
| ആകെ | 13097 | 12384648 | 12397745 | 12394833 | 2912 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 82320 | 139 |
| കർഷക തൊഴിലാളി പെൻഷൻ | 1264200 | 409 |
| വിധവാ പെൻഷൻ | 3982200 | 1223 |
| വാർദ്ധക്യകാല പെൻഷൻ | 4118100 | 1297 |
| വികലാംഗ പെൻഷൻ | 1318500 | 408 |
| വിവാഹ ധനസഹായം | 90000 | 3 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതകളായ സ്ത്രീകൾക്കുള്ള ധനസഹായം | 59400 | 18 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.07.2018-ന് രാവിലെ 10:30-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 17.07.2018-ലെ കളക്ഷൻ തുകയായ 11733/- രൂപ അതേ ദിവസം തന്നെ തനത് ഫണ്ടിന്റെ അക്കൗണ്ടിൽ (അക്കൗണ്ട് നം. 4921, പൂക്കോട്ടൂർ സർവ്വീസ് സഹകരണ ബാങ്ക്) നിക്ഷേപിച്ചതിനാൽ ക്യാഷ് ബാലൻസ് ഇല്ല.

## 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത് കാര്യാലയത്തിൽ ആകെ 13 ജീവനക്കാരാണ് ഉള്ളത്. അതിൽ തന്നെ ഓഡിറ്റ് വേളയിൽ 2 സീനിയർ ക്ലർക്ക് തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു. ഇതു കൂടാതെ സെക്രട്ടറി ഉൾപ്പെടെയുള്ള ജീവനക്കാർ ഇടക്കിടെ സ്ഥലം മാറിപ്പോവുന്നത് കാരണം, പഞ്ചായത്തിലെ ദൈനം-ദിന പ്രവർത്തനങ്ങൾ സുഗമമായി നടക്കുന്നില്ല. ഇത് പൊതു ജനങ്ങൾക്ക് വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്.
2. ജീവനക്കാരുടെ കുറവ് കാരണവും ജോലി വിഭജനം കാര്യക്ഷമമല്ലാത്തതിനാലും നിലവിലുള്ള ജീവനക്കാർ ജോലിഭാരം അനുഭവിക്കുന്നു.
3. നികുതി-നികുതിയേതര വരുമാനങ്ങളുടെ കാര്യങ്ങളിൽ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് കാര്യക്ഷമമല്ലാത്തതിനാൽ ഡിമാന്റ് കണക്കാക്കുന്നതിലും, പിരിവിലും കുറവ് വരുന്നുണ്ട്. വാടക, കെട്ടിട പെർമിറ്റ് എന്നിവക്കായുള്ള രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല.

4. പൊതുമരാമത്ത് പ്രവൃത്തികളിലെ പൊതു അപാകതകൾ

i) പൂർത്തീകരിച്ച 90 പ്രവൃത്തികളുടെ ഫയലിലും മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതിയായി മാറി മോണിറ്ററിംഗ് റിപ്പോർട്ട് നൽകണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

ii) നിർവ്വഹണം നടത്തിയ എഴുപത്തിരണ്ട് റോഡ് പ്രവൃത്തികളിലും റോഡ് കണക്ററിവിററി പ്ളാൻ, കണക്ടിവിററി മേപ്പ് എന്നിവ തയ്യാറാക്കിയിട്ടില്ല.

iii) എം.ബുക്കുകളിൽ മെമ്മോ ഓഫ് പേമെന്റ് എഴുതി അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുന്നില്ല.

iv) തൻ വർഷം പൂർത്തീകരിച്ച പ്രവൃത്തികൾ മൂല്യം ചേർത്ത് ആസ്തിയാക്കി മാററി രജിസ്ററിൽ ചേർത്തിട്ടില്ല. ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടെങ്കിലും വാർഷിക കണക്കുമായി താരതമ്യപ്പെടുത്തും വിധം കാലികമാക്കിയിട്ടില്ല.

v) പൊതു മരാമത്ത് പ്രവൃത്തികളുടെ ബാഹുല്യം പദ്ധതി വിജയം അസാധ്യമാക്കുംവിധമാണ്. ഒരു അസിസ്റ്റന്റ് എഞ്ചിനീയറും ഓവർസിയറും മാത്രമാണ് ഉള്ളത്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.06.2018 | 05/18 | 13.06.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.03.2008 | 2005-06 | ലഭ്യമല്ല |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. അസറ്റ് രജിസ്റ്റർ വാർഷിക കണക്കുമായി താരതമ്യപ്പെടുത്താവുന്ന വിധം കാലികമാക്കിയിട്ടില്ല.
2. സ്റ്റോക്കിന്റെ മൂല്യം ഉൾപ്പെടുത്തി സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വാർഷിക സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.
3. ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
4. വസ്തു നികുതി ഡിമാന്റ് തുകകൾ ഡിമാന്റ് രജിസ്റ്റർ/വാർഷിക കണക്ക് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

| വസ്തു നികുതി | A.F.Z (I & E I-1) | ഡിമാന്റ് രജിസ്റ്റർ | വ്യത്യാസം |
|---|---|---|---|
| റസിഡൻഷ്യൽ | 1421339 | 4661271 | 3239932 |
| നോൺ-റസിഡൻഷ്യൽ | 2420072 | 3651976 | 1231904 |

5. കിട്ടാനുള്ളതിൽ സംശയാസ്പദമായ തുകകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.
6. പഞ്ചായത്ത് നൽകിയിട്ടുള്ളതും 3 മാസത്തിലധികമായി എൻക്യാഷ് ചെയ്യാത്തതുമായ ചെക്കുകളുടെ തുക കാലാവധി കഴിഞ്ഞ ചെക്കുകൾ എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.
7. തൻവർഷ കടിശ്ശിക തുകകൾക്ക് ഇൻകം & എക്സ്പെന്റിച്ചർ അക്കൗണ്ടിൽ തൻവർഷത്തേക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.
8. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 – 62 പ്രകാരം അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
9. മുൻ വർഷത്തെ വാർഷിക കണക്കിലെ അപാകതകൾ മുഴുവനായും പരിഹരിച്ചിട്ടില്ല.
10. എസ്.ബി.ഐ. വള്ളുവമ്പ്രം – PYKKA അക്കൗണ്ട് നിർജ്ജീവമാണ്. പ്രസ്തുത അക്കൗണ്ടിൽ 35,321/- രൂപ നീക്കിയിരിപ്പ് ഉണ്ട്. വിനിയോഗിക്കാത്ത തുക ജില്ലാ സ്പോർട്സ് കൗൺസിലിലേക്ക് തിരിച്ചടച്ചിട്ടില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ടവറുകളുടെ വസ്തുനികുതി ഈടാക്കാത്തതു സംബന്ധിച്ച്

പഞ്ചായത്തിനു പരിധിയിലുള്ള താഴെ പറയുന്ന ടവറുകളുടെ 2013-14 മുതലുള്ള വസ്തു നികുതി നാളിതുവരെ ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ടവറിന്റെ പേര് | വാർഡ് | കെട്ടിടത്തിന്റെ | നിർണ്ണയിച്ച | നികുതി കടിശ്ശിക |
|---|---|---|---|---|

| | നമ്പർ/കെട്ടിട നമ്പർ | വിസ്തീർണ്ണം | നികുതി | വിവരം (17-18 കുടി) |
|---|---|---|---|---|
| എസ്.ആർ സെല്ലുലാർ | 16/154 | 3.8 ച.മീ. | 1796 + (LC) 90 1886 | 9430 |
| ടാറ്റ | 1/434 | 84 ച.മീ. | 52970 + (L.C)2649 55619 | 278095 |

ആകെ 287525

മേൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നതു സംബന്ധിച്ച് 10/21-07-18 നമ്പറായി നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ, ക്രമ നമ്പർ (1) പ്രകാരമുള്ള എസ്.ആർ സെല്ലുലാർ ടവർ പ്രദർശിപ്പിച്ച ബോർഡിലെ വിവരങ്ങൾ മാഞ്ഞു പോയതിനാലും പ്രസ്തുത ടവർ ഉടമസ്ഥതയെക്കുറിച്ച് ശരിയായ വിവരങ്ങൾ ലഭ്യമായിട്ടില്ല എന്നും ടി വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ് എന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

അനധികൃതമായി പ്രവർത്തിക്കുന്ന മേൽ ടവറിന്റെ പ്രവർത്തനം തടയുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും കുടിശ്ശിക പലിശ സഹിതം ഈടാക്കേണ്ടതുമാണ്. ക്രമ നമ്പർ (2) പ്രകാരമുള്ള ടാറ്റാ ടവറിന്റെ നികുതി കുടിശ്ശികയുടെ അടവ് സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ WP (c) No.12189/2018(v) നമ്പരായി വ്യവഹാരം നിലനിൽക്കുന്നതായി മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

പഞ്ചായത്തു പരിധിയിലുള്ള നികുതി അടവാക്കാത്ത മുഴവൻ ടവറുകളുടെയും നികുതി പിഴ സഹിതം ഈടാക്കി ക്രമവൽക്കരിക്കാത്ത പക്ഷം പ്രവർത്തനം നിയമപരമായി നിയന്ത്രിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 2-2 ഡി & ഒ ലൈസൻസ് ഫീസ് കുറവായി ഈടാക്കി

ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള സ്ഥാപനങ്ങൾക്ക് ഡി&ഒ ലൈസൻസ് നൽകിയിട്ടുണ്ടെങ്കിലും അതിൽ യന്ത്രസാമഗ്രികൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ചില സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ് കണക്കാക്കിയതിൽ അപാകതകൾ കാണുന്നു. 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 17-ഉം പട്ടിക III -ഉം പ്രകാരം യന്ത്രസാമഗ്രികളുടെ കുതിരശക്തിയുടെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീ നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. ഇങ്ങനെ കണക്കാക്കുന്ന നിരക്കിലും കുറഞ്ഞ ഫീസ് ചില സ്ഥാപനങ്ങളിൽ നിന്നും ഈടാക്കിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു

| ക്രമ നം | ഡി&ഒ രജിസ്ററിലെ ക്രമ നം. | സ്ഥാപനം / വ്യക്തി | മോട്ടോറിന്റെ കുതിരശക്തി (എച്ച്.പി - യിൽ) | ഈടാക്കേണ്ടിയിരുന്ന ലൈസൻസ് ഫീ | ഈടാക്കിയ ഫീ | വ്യത്യാസം |
|---|---|---|---|---|---|---|
| 1 | 64 | വിൻപൈപ്പ്, പുല്ലാര (പി.വി.സി പൈപ്പ് നിർമ്മാണം) | 100 | 1000 | 500 (രശീതി നം. 117010100580, 0581തീ.03.05.17) | 500 |

| | | | | | | |
|---|---|---|---|---|---|---|
| 2 | 66 | വിന്നർ പ്ലാസ്റ്റിക്ക് (പി.വി.സി പൈപ്പ് നിർമ്മാണം) | 100 | 1000 | 500 (രശീതി നം. 117010100585, 0584തീ.03.05.17) | 500 |
| 3 | 312 | എൻ.ടി ഓയിൽ & ഫ്ലോർ മിൽ | 45 | 500 | 300 (രശീതി നം. 117010100580, 0581തീ.03.05.17) | 200 |
| 4 | 165 | പൂക്കാട്ട് ഇൻഡസ്ട്രീസ് (ഗ്രാന്യൂൾസ് നിർമ്മാണം) | 90 | 1000 | 500 (രശീതി നം. 117010101578, 1579 തീ.15.06.17) | 500 |
| | | | ആകെ | 3500 | 1800 | 1700 |

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 1/19.07.2018-ന്റെ തുടർ നടപടിയായി മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള കുറവ് വന്ന തുക പഞ്ചായത്ത് സ്ഥാപന ഉടമകളിൽ നിന്ന് ഈടാക്കിയിട്ടുണ്ട്. ലൈസൻസ് എടുക്കാതെ കച്ചവട സ്ഥാപനങ്ങളും മെഡിക്കൽ –പാരാ മെഡിക്കൽ സ്ഥാപനങ്ങളും പാരലൽ കോളേജുകളും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നില്ല എന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതാണ്.

## 2-3 കെട്ടിക വാടക ഇനത്തിൽ 49,733/- രൂപ കുടിശ്ശിക

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 16 റൂമുകൾ വാടകക്ക് നൽകിയിട്ടുണ്ടെങ്കിലും അവയിൽ ചില റൂമുകളിൽ നിന്നും വാടക യഥാസമയം പിരിച്ചെടുക്കാത്തതിനാൽ കുടിശ്ശിക വന്നിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | റൂം നം. | വാടകക്കാരന്റെ പേര് | 2017-18 വർഷത്തിൽ അടക്കേണ്ട തുക | അടച്ച തുക | അടവാക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| 1 | 2/600B | കുഞ്ഞിക്കോയ തങ്ങൾ | 8436 (703 x 12) | 102 | 8334 |
| 2 | 2/600C | കുഞ്ഞിക്കോയ തങ്ങൾ | 8436 (703 x 12) | 102 | 8334 |
| 3 | 2/601 | പി.എൻ അബൂബക്കർ | 8136 (678 x 12) | - | 8136 |
| 4 | 2/602 | എടലത്ത് വിജയൻ | 5760 (480 x 12) | 1989 | 3771 |
| 5 | 2/603 | നാലകത്ത് ശിഹാബുദ്ദീൻ | 5148 (429 x 12) | 1782 | 3366 |
| 6 | 2/604 | നാലകത്ത് ശിഹാബുദ്ദീൻ | 5148 (429 x 12) | 1782 | 3366 |
| 7 | 2/605 | നാലകത്ത് ശിഹാബുദ്ദീൻ | 5148 (429 x 12) | 1782 | 3366 |
| 8 | 2/606 | നാലകത്ത് ശിഹാബുദ്ദീൻ | 8448 (704 x 12) | 2918 | 5530 |
| 9 | 2/607 | നാലകത്ത് ശിഹാബുദ്ദീൻ | 8448 (704 x 12) | 2918 | 5530 |

| | | | | |
|---|---|---|---|---|
| | | | ആകെ കുടിശ്ശിക | 49733 |

മേൽ സൂചിപ്പിച്ച തുക അതിന്റെ പിഴപ്പലിശ സഹിതം പഞ്ചായത്തിലേക്ക് അടവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 20/27.07.2018 –ന് മറുപടി ലഭിച്ചിട്ടില്ല. കെട്ടിട വാടകയിൽ കടിശ്ശിക വരുന്നില്ല എന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തേണ്ടതാണ്. വാടക സംബന്ധിച്ച് പഞ്ചായത്ത് തയ്യാറാക്കിയ ബൈലോ പരിശോധനക്ക് ലഭ്യമാക്കിയില്ല.

## 2-4 കെട്ടിട നിർമ്മാണ പെർമിറ്റ് /ക്രമവത്കരണം - ഫീ കുറവായി ഈടാക്കി

കാറ്റഗറി II വിഭാഗത്തിൽപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള കെട്ടിടങ്ങളുടെ നിർമ്മാണത്തിനുള്ള പെർമിറ്റ്, ക്രമവത്കരണത്തിനുള്ള ഫീ എന്നിവ കുറവായി ഈടാക്കിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിലെ ക്രമ നം. | ഉടമയുടെ പേര് | കെട്ടിടത്തിന്റെ തരം | തറവിസ്തീർണ്ണം (m2) | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | വ്യത്യാസം |
|---|---|---|---|---|---|---|---|
| 1 | 31 | ഹംസ കൊണ്ടോട്ടിപറമ്പൻ | വാസഗൃഹം | 204.22 | 204.22 X 3 = 613 | 252 | 361 |
| 2 | 32 | ശിവശങ്കരൻ സി | - ടി - | 105.06 | 105.06 X 3 = 315 | - | 315 |
| 3 | 40 | മൻസൂർ.എൻ | - ടി - | 276.43 | 276.43 X 6 = 1659 | 464 | 1195 |
| 4 | 44 | മൻസൂറലി | - ടി - | 218.45 | 218.45 X 3 = 655 | 545 | 110 |
| 5 | 107 | ശമീർ | വാണിജ്യം | 114.4 | 114.4 X 5 = 572 | 290 | 282 |
| 6 | 137 | നഫീസ | വാസഗൃഹം | 239.91 | 239.91 X 6 = 1439 | 936 | 503 |
| 7 | 151 | ബഷീറുദ്ദീൻ എം | - ടി - | 260.7 | 260.7 X 3 = 782 | 450 | 332 |
| 8 | 175 | കോണെടി മൊയ്തീൻകുട്ടി | Other Building | 181.08 | 181.08 X 10 = 1811 | 1764 | 47 |
| | | | | ആകെ | 7846 | 4701 | 3145 |

(കുറിപ്പ് : ക്രമ നം. 3, 6, 8 എന്നിവ കെട്ടിട നിർമ്മാണ ക്രമവത്കരണമാണ്.)

മേൽ സൂചിപ്പിച്ച തുക പഞ്ചായത്തിലേക്ക് അടവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 23/ 28.07.2018 – ന് മറുപടി ലഭിച്ചിട്ടില്ല.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഇ-ടെൻഡർ മുഖേന സ്വീകരിച്ച ഇ.എം.ഡി.,ടെൻഡർ ഫീ എന്നിവ സർക്കാർ ഉത്തരവ്, സർക്കുലർ നിർദ്ദേശം എന്നിവ പാലിച്ച് പഞ്ചായത്തിൻറ അക്കൗണ്ടിലേയ്ക്ക് കൈമാറിയില്ല

2017-18ൽ പ്രോജക്ട് നമ്പർ S0062/18 കക്കാടമ്മൽ കോളനി റോഡ് റീ-ടാറിംഗ് പ്രവർത്തിക്കായി ഇ.എം.ഡി, ടെൻഡർ ഫീ എന്നിയിനത്തിൽ ശേഖരിച്ച (12500 +1050) ആകെ 13,550/-രൂപ ഓൺലൈനായി എക്സി.എഞ്ചിനീയർ മലപ്പുറത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തത് നാളിതുവരെ പഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല. സ.ഉ.(എം.എസ്)318/13/ത.സ്വ.ഭ.വ. 28.9.2013, പ്രകാരവും 10.10.2013, 19.12.2016, 21.12.2016 എന്നീ തീയതികളിലെ ഡി.ബി.-1-7942/2013/സി.ഇ/LSGD സർക്കുലർ നിർദ്ദേശ പ്രകാരവും ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് തുക കൈമാറേണ്ടതാണ്. ഓഡിററ് എൻക്വയറി 13/25.7.2018 ന് ഹാജരാക്കിയ മറുപടിയിൽ പൂക്കോട്ടൂർ

പഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് തുക കൈമാറുന്നതിനുള്ള നടപടികൾ ഉടൻ ആരംഭിക്കുന്നതാണെന്നും ഫണ്ട് ട്രാൻസ്ഫർ ചെയ്തശേഷം രസീതി സഹിതം ഹാജരാക്കുന്നതാണെന്നും അറിയിച്ചു.

## 3-2 അസിസ്ററന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ ചില അപാകതകൾ

2017-18 സാമ്പത്തിക വർഷത്തിൽ അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ പദ്ധതികളിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.പൂർത്തീകരിച്ച 90 പ്രവൃത്തികളുടെ ഫയലിലും മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതിയായി മാറി മോണിറ്ററിംഗ് റിപ്പോർട്ട് നൽകണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

2.എം.ബുക്കുകളിൽ മെമ്മോ ഓഫ് പേമെന്റ് എഴുതി അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുന്നില്ല.

3.നിർവ്വഹണം നടത്തിയ എഴുപത്തിരണ്ട് റോഡ് പ്രവൃത്തികളിലും റോഡ് കണക്ടിവിററി പ്ലാൻ, കണക്ടിവിററി മേപ്പ് എന്നിവ തയ്യാറാക്കിയിട്ടില്ല. റോഡുകളുടെ പ്രത്യേകതകളനുസരിച്ച് പട്ടിക തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

4.തൻ വർഷം പൂർത്തീകരിച്ച പ്രവൃത്തികൾ മൂല്യം ചേർത്ത് ആസ്തിയാക്കി മാററി രജിസ്റ്ററിൽ ചേർത്തിട്ടില്ല.

5.KCWWF സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ട് നമ്പർ 7990114000000072 എന്നതിലേയ്ക്ക് ഓൺ ലൈനായി ഒടുക്കുന്നെങ്കിലും കൈപ്പററ് ലഭ്യമാക്കുന്നില്ല. ഒരു ശതമാനം തുക സർവ്വീസ് ചാർജ്ജായി പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേയ്ക്ക് ഒടുക്കുന്നില്ല.

6.ടെണ്ടർ രജിസ്ററിൽ ടെണ്ടർ സ്വീകരിച്ച തീയതി, ടെണ്ടർ അംഗീകരിച്ച തീരുമാനം, തീയതി, ടെണ്ടററുടെ പേര് എന്നിവ ചേർത്ത് നിർവ്വഹണ ഉദ്യോഗസ്ഥൻ, പ്രസിഡൻറ് എന്നിവർ ഒപ്പു വക്കുന്നില്ല.

7.ഗുണഭോക്തൃസമിതി വഴി നിർവ്വഹണം നടത്തിയ പ്രവൃത്തികളിൽ മാർഗ്ഗരേഖ പാലിക്കുന്നില്ല.

8.ക്യാഷ് ബുക്കിൽ തനതു ഫണ്ടിനത്തിൽ ലഭിച്ച തുക ചെക്ക് നമ്പർ, തീയതി എന്നിവ ചേർത്ത് വൗച്ചർ നമ്പർ നൽകി സൂക്ഷിയ്ക്കുന്നില്ല. ക്യാഷ് ബുക്കിൽ വാർഷിക സംഗ്രഹം എഴുതി അസിസ്റ്റന്റ് എഞ്ചിനീയർ ഒപ്പു വക്കുന്നില്ല.

9.ടെണ്ടറുകളുടെ പ്രാഥമിക കരാറുടമ്പടിപ്പത്രം എഴുതി പൂർത്തീകരിച്ച് സൂക്ഷിക്കുന്നില്ല.

10. എഗ്രിമെന്റ് രജിസ്ററർ പ്രകാരം 98 പ്രവൃത്തികൾക്ക് എഗ്രിമെൻറ് വെച്ചിട്ടുണ്ട്. എഗ്രിമെൻറ് രജിസ്റ്ററിൽ പൂർത്തീകരണ തീയതി, എഗ്രിമെൻറ് പ്രകാരം പൂർത്തീകരിക്കേണ്ട തീയതി, പി.എ.സി, എസ്ററിമേററ് തുക എന്നിവ ചേർത്ത് അസിസ്റ്റന്റ് എഞ്ചിനീയർ ഒപ്പിട്ട് സൂക്ഷിക്കുന്നില്ല.

11.കുടിവെള്ള പദ്ധതികൾ കരാറുടമ്പടി വെച്ച് തുടർ നടത്തിപ്പ്, വാർഷിക അറ്റകുറ്റപ്പണി എന്നിവ കൈമാറും വിധം പദ്ധതി ആസൂത്രണം ചെയ്തിട്ടില്ല.

12. 141 പ്രവൃത്തികൾക്ക് അംഗീകാരം വാങ്ങി എങ്കിലും തൊണ്ണൂറ് പദ്ധതികളാണ് നടപ്പിലാക്കിയത്. വാർഡടിസ്ഥാനത്തിൽ പദ്ധതികൾ വിഭജിക്കപ്പെടുകയാണ് ചെയ്യുന്നത്. പഞ്ചായത്തിനെ ഒറ്റ യൂണിറ്റായി കണ്ട് പദ്ധതി ആസൂത്രണം ചെയ്യുന്നില്ല.

വികസന സ്റ്റാൻറിംഗ് കമ്മിറ്റിയാണ് ആസൂത്രണ സമിതി രൂപീകരണം മുതൽ പ്രോജക്ട് സമർപ്പണ അന്തിമ ഘട്ടം വരെയുള്ള എല്ലാ കാര്യങ്ങളിലും ഇടപെട്ട് പദ്ധതി പ്രവർത്തനത്തിന്റെ ചുക്കാൻ പിടിച്ച് അന്തിമ വിശകലനം വരെയുള്ള മുഴവൻ കാര്യങ്ങളും നിർവ്വഹിക്കേണ്ടത് എങ്കിലും അത്തരം ഇടപെടൽ ഉണ്ടായില്ല എന്നത് പദ്ധതി വിജയം അസാദ്ധ്യമാക്കി എന്നു കാണുന്നു.

ഓഡിററ് എൻക്വയറി 22/28.7.2018 ന് മറുപടി ഹാജരാക്കിയില്ല.

## 3-3 പണി പൂർത്തീകരിച്ച കുടിവെള്ളപദ്ധതി - മാർഗ്ഗരേഖ നിർദ്ദേശം പാലിച്ചില്ല --ചെലവുതുക തടസ്സം ചെയ്യുന്നു

സ.ഉ(എം.എസ്.) നമ്പർ80/2017/ത.സ്വ.ഭ.വ.തീയതി 03.04.2017 പ്രകാരമുള്ള പൊതുനിബന്ധന 15(1)ൽ പണി പൂർത്തീകരിച്ച കുടിവെള്ള പദ്ധതികളുടെ തുടർ നടത്തിപ്പും അറ്റകുറ്റപ്പണിയുടെ ചുമതലയും ഗുണഭോക്തൃ ഗ്രൂപ്പു തന്നെ ഏറ്റെടുത്ത് നടത്തേണ്ടതാണ്. പട്ടികജാതി പട്ടികവർഗ്ഗ ഗുണഭോക്താക്കളുടെ ഇത്തരം ചെലവുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനം വഹിക്കണം. അങ്ങനെ ഏറ്റെടുക്കാമെന്ന കരാറിൽ ഏർപ്പെട്ട ശേഷമേ പ്രവൃത്തിയുടെ നിർവ്വഹണം ആരംഭിക്കാവൂ എന്നും നിർദ്ദേശമുണ്ട്. എന്നാൽ അത്തരം നടപടിക്രമങ്ങൾ പാലിക്കാതെയാണ് താഴെ പറയുന്ന കുടിവെള്ള പദ്ധതികൾക്കായി തുക ചെലവഴിച്ചത്. ഇവയുടെ തുടർ നടത്തിപ്പും അറ്റകുറ്റപ്പണി സംബന്ധിച്ചും കരാറിൽ ഉൾപ്പെടുത്താത്തതിനാൽ ചെലവഴിച്ച ആകെ തുക 6,12,471/-രൂപ ഓഡിററിൽ തടസ്സം ചെയ്യുന്നു.

1.പനച്ചിക്കൽ കുടിവെള്ളപദ്ധതി പ്രോജക്ട് നമ്പർ S0081/18 (ജനറൽ)

അടങ്കൽ തുക: 3,00,000/-(തനത് ഫണ്ട്)

33,330 (ഗുണ.വിഹിതം സ്ഥാപനത്തിൽ അടയ്ക്കുന്നത്)

ആകെ:3,33,330/-

പദ്ധതിക്കായി ആകെ 2,84,684/- രൂപ ചെലവഴിച്ചു. 10% ഗുണഭോക്തൃ വിഹിതം ഒഴിവാക്കി തുക നൽകിയിട്ടുണ്ട്. കൺവീനർക്ക് 5% വാററും ഒരു ശതമാനം KCWWFഉം രണ്ടു ശതമാനം ITയും കിഴിച്ച് 242945/- രൂപ നൽകിയിട്ടുണ്ട്.

2. പൂഴിക്കാട്എസ്.സി. കുടിവെള്ളപദ്ധതി - പ്രോജക്ട് നമ്പർ S0078/18

വികസന ഫണ്ട്:205786

തനതു ഫണ്ട്: 262614

ആകെ: 468400

പദ്ധതിക്കായി വികസനഫണ്ട് 205786 രൂപയും (ബിൽ നമ്പർ 16/17-18 26.9.17:39630 + 42/17-18 9.2.18: 166156/-) തനതുഫണ്ട് ചെക്ക് പ്രകാരം 122001/-രൂപയും ചേർത്ത് ആകെ 327787/-രൂപ ചെലവഴിച്ചിട്ടുണ്ട്.

<u>മററ് അപാകതകൾ</u>

1.സ.ഉ.(എം.എസ്.)നമ്പർ 80/2017/ത.സ്വ.ഭ.വ. 3.4.2017 പ്രകാരമുള്ള സബ്സിഡി അനുബന്ധ മാർഗ്ഗരേഖ പൊതു നിബന്ധന 14(4)പ്രകാരം 50,000/-രൂപയിൽ താഴെയുള്ള നിർമ്മാണ പ്രവൃത്തികൾ മാത്രമാണ് ഗുണഭോക്തൃസമിതി മുഖേന നിർവ്വഹിക്കാൻ കഴിയുക എന്നിരിക്കെ ടെണ്ടർ നടപടി സ്വീകരിച്ചിട്ടില്ല.

2.പ്രോജക്ട് നടപ്പിലാക്കി കഴിഞ്ഞാൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിററിംഗ് സമിതികളായി മാറണമെന്ന പദ്ധതി മാർഗ്ഗരേഖ (ജി.ഒ.(എം.എസ്.)നം.72/2017/ത.സ്വ.ഭ.വ.29.3.2017) നിർദ്ദേശവും പാലിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

3.പദ്ധതി പ്രവർത്തനങ്ങളിൽ ചുക്കാൻ പിടിച്ച് അന്തിമ വിലയിരുത്തൽ നടത്തേണ്ട വികസന സ്ററാൻറിംഗ് കമ്മിററി കാര്യമായ ഇടപെടൽ നടത്തിയില്ല.

ഓഡിററ് എൻക്വയറിയ്ക്ക് സമർപ്പിച്ച മറുപടിയിൽ GO(MS)72/2017 Sec.14.1. പ്രകാരം ജനകീയ സമിതികളെ ഏൽപ്പിക്കാവുന്നതാണെന്നറിയിച്ചു. തുടർ നടപടി വിവരം അറിയിയ്ക്കുന്നതുവരെ ചെലവു തുക 6,12,471/- രൂപ (284684 + 327787) തടസ്സം ചെയ്യുന്നു.

## 3-4 പകൽവീട് പ്രവർത്തനരഹിതം - ചെലവുതുക പാഴ്ച്ചെലവ്

ബ്ളോക്ക് പഞ്ചായത്ത് മലപ്പുറം നിർമ്മിച്ചു നൽകിയ പകൽവീട് കെട്ടിടത്തിന് റിപ്പയർ ചെയ്യുന്നതിനായി S0090/18 പ്രോജക്ടു പ്രകാരം 75,500/-രൂപ വികസനഫണ്ട് വകയിരുത്തി, വികസന സ്റ്റാന്റിംഗ് കമ്മിററി 1/5.4.17 പ്രകാരം ശുപാർശ ചെയ്ത പദ്ധതി 24/19.4.2017 പ്രകാരം സ്പിൽ ഓവറായി ഭരണാനുമതി നൽകിയിരുന്നു. 24.7.2018 ന് അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ സ്ഥല പരിശോധന നടത്തിയതിൽ പകൽവീട് നാളിതുവരെ തുറന്നിട്ടില്ല എന്നു ബോധ്യമായി. ഒരു ഉൾപ്രദേശത്ത് കെട്ടിയുണ്ടാക്കിയ കെട്ടിടത്തിൽ മുൻപ് വാങ്ങി നൽകിയ കട്ടിൽ, സോഫ, കസേര, മേശ, ഈസി ചെയർ എന്നിവ പൊടി പിടിച്ചു കിടക്കുന്നു. സ്ഥാപനത്തിനായി വാങ്ങിയ ടി.വി, പെട്ടിയിൽ തന്നെ സൂക്ഷിച്ചിട്ടുണ്ട്. റിപ്പയർ എന്ന പേരിലെ പ്രോജക്ട് സ്ഥാപനത്തിന് ഷീററിടാനുദ്ദേശിച്ചായിരുന്നു. എസ്ററിമേററ് പ്രകാരമുള്ള പ്രവൃത്തികൾ പൂർണ്ണമായും നിർവഹിച്ചിട്ടുണ്ട്. കറണ്ടോ വെള്ളമോ ലഭ്യമാക്കാത്ത ഒരിക്കൽ പോലും പ്രവർത്തനം നടത്താത്ത സ്ഥാപനത്തിന് റിപ്പയർ എന്ന പേരിൽ ബിൽ നമ്പർ 10/17-18 25.9.17 പ്രകാരം ചെലവഴിച്ച 70,001/-രൂപയും പാഴ്ചെലവായി. വികസന സ്ററാന്റിംഗ് കമ്മിററി പദ്ധതി പ്രവർത്തനം ചുക്കാൻ പിടിച്ച് അന്തിമ വിശകലനം വരെ നടത്തണം എന്ന കർത്തവ്യം പ്രവർത്തികമാക്കിയില്ല. പദ്ധതി നടത്തിപ്പിൽ വന്ന പാളിച്ചയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതോടൊപ്പം ഭാവിയിൽ ഇത്തരം പാഴ്ചെലവ് ഒഴിവാക്കാനും ഓഡിററിൽ നിർദ്ദേശിക്കുന്നു.

ഓഡിററ് എൻക്വയറി നമ്പർ 12/25.7.2018ന് ഹാജരാക്കിയ മറുപടിയിൽ പകൽ വീടിന്റെ നടത്തിപ്പ് ഭരണസമിതിയുടെ ഉത്തരവാദിത്വമാകയാൽ ഭരണ സമിതിയെ വിവരം രേഖാമൂലം അറിയിയ്ക്കുന്നതാണെന്നും ഇത്തരം പാഴ്ചെലവുകൾ ഭാവിയിൽ ഒഴിവാക്കുന്നതാണെന്നും അറിയിച്ചു.



## 3-5 അംഗീകരിച്ച പ്രോജക്ടിനും മാർഗ്ഗരേഖയ്ക്കും വിരുദ്ധമായ നിർവ്വഹണം - തുക തടസ്സം ചെയ്യുന്നു.

പ്രോജക്ട് നമ്പർ S0083/18 ചോയക്കാട് നാരങ്ങാളിക്കുണ്ട് റോഡ് പുനരുദ്ധാരണം (റീ- ടാറിംഗ്) അംഗീകരിച്ച പ്രോജക്ട് പ്രകാരം നിർവ്വഹണ രീതി ടെണ്ടർ വർക്കായി നടത്താൻ ഉദ്ദേശിച്ചിരുന്നു. വികസന സ്റ്റാൻറിംഗ് കമ്മിററി 1/5.4.17 പ്രകാരം 1,58,000/- ഭരണാനുമതിയ്ക്ക് ശുപാർശ ചെയ്യുകയും 2017-18 വാർഷിക പദ്ധതിയിൽ സ്പിൽ ഓവറായി ഭരണസമിതി തീരുമാനം 24/19.4.17 പ്രകാരം 1,58,000/- രൂപ ഭരണാനുമതി നൽകുകയും ചെയ്തു. പദ്ധതിക്കായി 1,00,000/-രൂപ മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) 58,000/-രൂപ തനതു ഫണ്ടുമായാണ് വകയിരുത്തിയത്. എന്നാൽ പദ്ധതി നിർവ്വഹണം നടത്തിയത് ഗുണഭോക്തൃസമിതി മുഖേനയാണ്. കൺവീനർ ശ്രീ.മുഹമ്മദ് ഷാഫി.പി.യാണ് നിർവ്വഹണം നടത്തിയത്. ടി.എസ്.നമ്പർ 77996/2016-17 പ്രകാരം 1,58,000/-രൂപ സാങ്കേതികാനുമതി നൽകിയതിൽ നിർവ്വഹണരീതി ഗുണഭോക്തൃസമിതി എന്നു ചേർത്തിരിയ്ക്കുന്നു. നിർവ്വഹണരീതി മാറുവാനുണ്ടായ കാരണം വ്യക്തമല്ല. പദ്ധതിക്കായി ആകെ 1.42.820/-രൂപ ചെലവഴിച്ചിട്ടുണ്ട്. (ബിൽ നമ്പർ 21/17-18, 17.10.17:1,00,000/-MG(NR), തനതു ഫണ്ട്:14.9.17, ലെ 2968821 ചെക്കു പ്രകാരം 42,820/-) സ.ഉ(എം.എസ്.) നമ്പർ.80/2017/ത.സ്വ.ഭ.വ.3.4.17 പ്രകാരമുള്ള പൊതുനിബന്ധന 14(4) പ്രകാരം 50,000/-രൂപയിൽ താഴെയുള്ള നിർമ്മാണ പ്രവൃത്തികൾ മാത്രമാണ് ഗുണഭോക്തൃ സമിതിയ്ക്ക് ചെയ്യാവുന്നത്. കൂടാതെ ഗുണഭോക്തൃ സമിതി മാർഗ്ഗരേഖ പ്രകാരം പാലിക്കേണ്ട സംയുക്ത ബാങ്ക് അക്കൗണ്ട് തുടങ്ങി യാതൊരു നടപടിക്രമങ്ങളും പാലിച്ചിട്ടില്ല. പദ്ധതി നിർവ്വഹണത്തിൽ വികസന സ്ററാന്റിംഗ് കമ്മിററിയുടെ ഇടപെടൽ കാര്യക്ഷമമായിരുന്നില്ല എന്നു കാണുന്നു. മേൽ അപാകതകൾ കാരണം ചെലവു തുക 1,42820/-രൂപ ഓഡിററിൽ തടസ്സം ചെയ്യുന്നു.

ഓഡിററ് എൻക്വയറി 15/26.7.2018 ന് ഹാജരാക്കിയ മറുപടിയിൽ എസ്ററിമേററ് റിപ്പോർട്ടിൽ ടെണ്ടർ വർക്ക് എന്നാണ് കാണിച്ചതെങ്കിലും എസ്ററിമേററ് തയ്യാറാക്കിയ ഉദ്യോഗസ്ഥൻ ഓപ്ഷൻ സെലക്ട് ചെയ്തപ്പോൾ അറിയാതെ ബെനഫിഷ്യറി കമ്മിററി സെലക്ട് ചെയ്യുകയും പിന്നീട് മേലുദ്യോഗസ്ഥനും ശ്രദ്ധിക്കാതെ സാങ്കേതികാനുമതി നൽകുകയും ചെയ്തു എന്നും അറിയിച്ചു. സ്ഥാപനത്തിന് നഷ്ടം സംഭവിച്ചിട്ടില്ല എന്നും അറിയിച്ചു. ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 3-6 മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി 50,000/-രൂപയിൽ അധികരിച്ച അടങ്കൽ പ്രവൃത്തികൾ ഗുണഭോക്തൃസമിതി വഴി നിർവ്വഹണം നടത്തി-- ചെലവു തുക തടസ്സം ചെയ്യുന്നു

പഞ്ചായത്തിനെ ഒററ യൂണിററായി കണ്ട് പദ്ധതികൾ ആവിഷ്കരിക്കുന്നതിനു പകരം വാർഡടിസ്ഥാനത്തിൽ പദ്ധതികൾ വിഭജിച്ചു നൽകുകയാണ് ചെയ്തിട്ടുള്ളത്. സ.ഉ.(എം.എസ്.) നമ്പർ 80/2017/ത.സ്വ.ഭ.വ. തീയതി 3.4.2017 പ്രകാരമുള്ള സബ്സിഡി അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ പൊതു നിബന്ധന 14(4) പ്രകാരം 50,000/- രൂപയിൽ താഴെയുള്ള നിർമ്മാണ പ്രവൃത്തികളാണ് ഗുണഭോക്തൃ സമിതികൾ മുഖാന്തിരം ചെയ്യാവുന്നത്. എന്നാൽ 2017-18ൽ അംഗീകാരം ലഭിച്ച് നിർവ്വഹണം നടത്തിയ പ്രവൃത്തികളിൽ 90 പ്രവൃത്തികളിൽ 18 പ്രവൃത്തികൾ ഗുണഭോക്തൃ സമിതി മുഖേനയും രണ്ടെണ്ണം പി.ടി.എ വഴിയും നിർവ്വഹിച്ചിട്ടുണ്ട്. ഗുണഭോക്തൃസമിതി വഴി നിർവ്വഹിച്ചതിൽ 16 എണ്ണം അനുവദനീയമായതിലും അധികരിച്ച അടങ്കൽ തുകയിലുള്ളതാണ്. ആസൂത്രണബോർഡ് 1999ൽ പ്രസിദ്ധീകരിച്ച ഗുണഭോക്തൃസമിതി മാർഗ്ഗരേഖയിലും പൊതുമരാമത്തു ചട്ടങ്ങളിലും നിർദ്ദേശിച്ച യാതൊരു വിധ നടപടിക്രമങ്ങളും പാലിക്കാതെയാണ് ഗുണഭോക്തൃസമിതി വഴി നിർവ്വഹണം നടത്തിയിട്ടുള്ളത്. മേൽ കാരണങ്ങളാൽ ചെലവു തുക 33,43,968/-രൂപ ഓഡിററിൽ തടസ്സം ചെയ്യുന്നു. PTA വഴി നിർവ്വഹണം നടത്തിയ രണ്ടു പ്രവൃത്തികൾ (ക്രമ നം.12,15) വൗച്ചറുകളുടെ കൂടെ അംഗീകൃതബില്ലുകൾ മററനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ തടസ്സം ചെയ്യുന്നു. ഈ വിഷയത്തിൽ പഞ്ചായത്ത് കമ്മിററി സ്വീകരിച്ച നടപടി വിവരം ഓഡിററിനെ അറിയിക്കേണ്ടതാണ്. പദ്ധതി പ്രവർത്തനങ്ങളിൽ നേതൃത്വപരമായി ഇടപെടേണ്ട വികസന സ്ററാൻറിംഗ് കമ്മിററി കർത്തവ്യ നിർവ്വഹണത്തിൽ ശ്രുഷ്കാന്തി പുലർത്തിയില്ല എന്നു കാണുന്നു. മോണിററിംഗ് സമിതിയുടെ റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിററിംഗ് സമിതിയായി മാറണമെന്ന പദ്ധതി മാർഗ്ഗരേഖാ നിർദ്ദേശവും പാലിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര്, പ്രോജക്ട് നം | അടങ്കൽ തുക | ചെലവു തുക,തീയതി | റിമാർക്സ് |
|---|---|---|---|---|
| 1. | പുല്ലാരകോട്ടേപ്പറമ്പ് തോട് സൈഡ് കെട്ടൽ പ്രോ.73/18 | 3,00,000/- (തനതു ഫണ്ട്) | 3,00,000/- 30.8.17 | |
| 2. | പാന്തലിൽ അംഗനവാടി പാത്ത് വേ സ്ലാബ് നിർമ്മാണം,പ്രോ.74/18 | 121470(21470വി.ഫ+ 1,00,000/-MG(R) | 106644/-(21470+85174)ബിൽ നം23/17-18,22/17-18 തീ.17.10.17 | |
| 3. | അത്താണിക്കൽ ജി.എൽ.പി.എസ്.പാത്ത്വേ സ്ലാബ് നിർമ്മാണം പ്രോ.75/18 | 1,00,000/-(വി.ഫ.) | 91,265/- ബിൽ നം.9/17-18തീ.30.8.17 | |
| 4. | കക്കെടിമുക്ക് ആശാരിമുക്ക് റോഡ് പുനരുദ്ധാരണം, പ്രോ.84/18 | 50,000/- (10,554 CFC+ MG(R)39446) | 50,000/-(10554+39446)ബിൽ നം.25/17-18,24/17-18,17.10.17) | |
| 5. | അത്താണിക്കൽ കളത്തിങ്ങൽ റോഡ് വൈഡനിംഗ്, പ്രോ.92/18 | 25,000/-MG(R) | 25,000/- ബിൽ നം.8/17-18 26.9.17 | |
| 6. | മാണിക്കംപാറ പക്കൻ റോഡ് കോൺക്രീററിംഗ്, പ്രോ.93/18 | 2,00,000/ (തനത് ഫണ്ട്) | 2,00,000/- 14.9.17 | |
| 7. | പുല്ലാര കോട്ടേപ്പറമ്പ് തോട് സൈഡ്കെട്ടൽ രണ്ടാം ഘട്ടം, പ്രോ.94/18 | 3,00,000/- (വി.ഫ.) | 2,97,206/- ബിൽ നം5/17-18,30.8.17 | |
| 8. | ചെമ്പ്രമ്മൽ ഇല്ലിക്കത്തൊടി റോഡ് കോൺക്രീററിംഗ്, പ്രോ.188/18 | 1,00,000/-(World.Bank) | 95,496/- ബിൽ നം.7/17-18,30.8.17 | |
| 9. | ചെരങ്ങാപറമ്പ് റോഡ് കോൺക്രീററിംഗ്, പ്രോ.189/18 | 1,00,000/-(W.B) | 94,566/-ബിൽ നം.6/17-18,30.8.17 | |
| 10. | പുല്ലാര സബ്സെന്റർ ചുററുമതിൽ നിർമ്മാണം. പ്രോ.110/18 | 2,00,000/-(MG(NR) | 1,86,038/-ബിൽ നം. 82/17-18,31.3.18 | |

| | | | | |
|---|---|---|---|---|
| 11. | G.L.PS. Old റിപ്പയറിംഗ്, പ്രോ.180/18 | 7,00,000(CFC.77265+ 1,38,723/- Own Fund +4,84,012 MG(NR) | 4,87,760/-(3748 Own Fund+ 484012 MG(NR)ബിൽ നം.83/17-18,31.3.18 | പി.ടി.എ |
| 12 | G.L.P.S. Old പുനരുദ്ധാരണം, പ്രോ.79/18 | 4,95,000/-(MG(NR) | 4,24,382/-ബിൽ നം.49/17-18.16.2.18 | |
| 13. | GLPS അത്താണിക്കൽ അടുക്കള നിർമ്മാണം, പ്രോ.80/18 | 3,75,000/-(2,000/- Own Fund + 3,73,000/- MG(NR) | 2,83,429/-(MG(NR)ബിൽ നം.77/17-18,28.3.18 | പി.ടി.എ. |
| 14. | സ്കൂളുകൾക്ക് ടോയ്ലെററ് നിർമ്മാണം പ്രോ.85/18 | 1,50,000/-(CFC) | 89678/- ബിൽ നം.65/17-18,23.3.18 | |
| 15. | പഞ്ചായത്ത് ഓഫീസ് നവീകരണം, പ്രോ.86/18 | 3,00,000/-(CFC) | 2,84,097/-ബിൽ നം. 26/17-18,17.10.17 | |
| 16 | പഞ്ചായത്ത് ഓഫീസിലെ ടോയ്ലെററ് പുനരുദ്ധാരണം, പ്രോ,88/18 | 4,00,000/-(CFC) | 2,58,406/-ബിൽ നം.66/17-18,23.3.18 | |
| 17 | പകൽ വീട് റിപ്പയറിംഗ്, പ്രോ.90/18 | 75,500/-(വി.ഫ) | 70,001/-ബിൽ നം.10/17-18,25.9.17 | |
| ആകെ | | 33,43,968/- | | |

ഓഡിററ് എൻക്വയറി 21/27.7.2018ന് മറുപടി ഹാജരാക്കിയില്ല.

## 3-7 മൃഗാശുപത്രി കെട്ടിടം ചുവരുകളിൽ വിള്ളൽ -- അടിയന്തിര ശ്രദ്ധ അനിവാര്യം

ഓഡിറ്റിന്റെ ഭാഗമായി കൈമാറി കിട്ടിയ സ്ഥാപനത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ നേരിൽ പരിശോധിക്കുന്നതിനായി മൃഗാശുപത്രി സന്ദർശിച്ചു. അടിസ്ഥാന സൗകര്യങ്ങളെല്ലാം കെട്ടിടത്തിൽ ഉണ്ടെങ്കിലും കെട്ടിടത്തിന്റെ ചുവരുകളിൽ അപകടകരമാം വിധം വിള്ളൽ കാണപ്പെട്ടു. വെററിനറി ഡോക്ടർ അപകടാവസ്ഥയെപ്പററി കത്ത് മുഖേന പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ടെന്ന് വിശദീകരിച്ചു. പഴയ കെട്ടിടത്തിൽ അററകുററപ്പണി നടത്തി മേൽക്കൂര കോൺക്രീററ് ചെയ്താണ് മൃഗാശുപത്രി നിലവിൽ പ്രവർത്തിക്കുന്നത്. ഇനിയും അററകുററപ്പണി ചെയ്യുന്നത് അപകടാവസ്ഥ കൂട്ടുകയേ ചെയ്യൂ എന്നതിനാൽ അസിസ്ററന്റ് എഞ്ചിനീയറെക്കൊണ്ട് പരിശോധന നടത്തി പുതിയ കെട്ടിടം നിർമ്മിച്ചു നൽകാനുള്ള നടപടി ഊർജ്ജിതമാക്കേണ്ടതും ഈ വിഷയത്തിൽ സ്വീകരിച്ച നടപടി വിവരം ഈ ഓഫീസിനെ അറിയിക്കേണ്ടതുമാണ്. ഭരണ സമിതിയുടേയും, വികസന സ്ററാൻറിംഗ് കമ്മിററിയുടേയും അടിയന്തിര ശ്രദ്ധ ഇതിലേയ്ക്ക് ക്ഷണിക്കുന്നു.

ഓഡിററ് എൻക്വയറി 24/28.7.2018ന് മറുപടി ഹാജരാക്കിയില്ല.



## 3-8 കരാറുടമ്പടി വെക്കാതെ തുക കൈമാറി - ചെലവുതുക തടസ്സംചെയ്യുന്നു

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതികൾക്കായി ചുവടെ ചേർക്കുന്ന വൗച്ചറുകൾ പ്രകാരം വിവിധ സ്ഥാപനങ്ങളിൽ തുക ഡെപ്പോസിററ് ചെയ്തിട്ടുണ്ട്. എന്നാൽ കരാറുടമ്പടി വക്കാതെയാണ് തുക കൈമാറിയിട്ടുള്ളത്. കൂടാതെ ഈ പ്രവൃത്തികളുടെ വിനിയോഗ/പൂർത്തീകരണ രേഖകൾ ഓഡിററിന് ഹാജരാക്കിയിട്ടുമില്ല. കേരള സംസ്ഥാന വൈദ്യുതി ബോർഡിനും ഗ്രൗണ്ട് വാട്ടർ അതോറിററിയ്ക്കും എസ്ററിമേററ് തുക ഇത്തരത്തിൽ കൈമാറിയിട്ടുണ്ട്. കരാറുടമ്പടി, വിനിയോഗ പൂർത്തീകരണ രേഖകൾ എന്നിവ ഹാജരാക്കുന്നതു വരെ ചെലവുതുക തടസ്സം ചെയ്യുന്നു. പദ്ധതി പ്രവർത്തനങ്ങളിൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റി നേതൃത്വപരമായി ശരിയായ ഇടപെടൽ നടത്തിയിട്ടില്ല എന്നു കാണുന്നു.

പൂർത്തീകരണ വിവരം ലഭ്യമാകുന്നതുവരെ ചെലവു തുക43,003/-രൂപ ഓഡിററിൽ തടസ്സം ചെയ്യുന്നു.

| ക്രമ നമ്പർ | ചെക്ക് നമ്പർ/ബിൽ നമ്പർ തീയതി | വിവരണം | തുക | സ്ഥാപനം |
|---|---|---|---|---|
| 1 | ബിൽ നമ്പർ 80/17-18, 28.3.18(എസ്.സി.പി) | പ്രോജക്ട്നം.S0159/18 അങ്ങാടിപറമ്പ് കോളനി കുഴൽകിണർ ഹാൻഡ് പമ്പ് നിർമ്മാണം | 27,177/- | ജില്ലാ ഓഫീസർ, ഭൂജല വകുപ്പ്, മലപ്പുറം. |
| 2 | ചെക്ക് നമ്പർ 99063/11.1.18 (തനത് ഫണ്ട്) | പ്രോജക്ട് നം.S0194/18 അന്തിക്കോട് മങ്ങാട് റോഡിലെ പോസ്ററ് മാററൽ | 15,826/- | അസി.എഞ്ചിനീയർ, ഇല.സെക്ഷൻ, വള്ളുവമ്പ്രം.(ബാങ്ക് അക്കൗണ്ട് നമ്പർ 67392173819SBI(SBT) മോങ്ങം. |
| ആകെ | | | 43,003/- | |

(ഓഡിററ് എൻക്വയറി 8/24.7.2018ന് ഹാജരാക്കിയ മറുപടിയിൽ കരാറുടമ്പടി വക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചതായും പൂർത്തീകരണവിവരം ലഭ്യമായാൽ ഹാജരാക്കുന്നതാണെന്നും അറിയിച്ചു.)

## 3-9 മരുന്നുകൾ ലഭ്യമാകാത്തതു സംബന്ധിച്ച്

മെഡിയ്ക്കൽ ഓഫീസർ (പി.എച്.സി) നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപറയുന്ന പ്രൊജക്ടുകൾ പ്രകാരം, പി എച്. സി യിലേയ്ക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിനുവേണ്ടി, KMSCL ലേയ്ക്ക് തുക മുൻകൂറായി നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ടിന്റെ പേരും നമ്പരും | ബിൽനം/ചെക്ക് &തീയതി | തുക | പ്രഫോർമ ഇൻവോയ്സ് നം& തീയതി | KMSCLലേയ്ക്ക് അടവാക്കിയ തുക | ലഭിച്ച മരുന്നിന്റെ വിവരം | ലഭിയ്ക്കാനവശേഷിയ്ക്കുന്ന മരുന്നിന്റെ വിവരം |
|---|---|---|---|---|---|---|
| പരിരക്ഷ 2/17-18 | 2/17-18 11.1.18 | 4,05,980 | PRF 2820 12.12.17 PRF 552 12.12.17 | 1,84,689/- 1,65,011/- (349700) | 35,783/- (104/5.4.18) | 3,13,917/- |
| പരിരക്ഷ-മാർഗരേഖയ്ക്കു വിധേയമായി സന്നദ്ധ സംഘടനകൾക്ക് മരുന്നും സാധനസാമഗ്രികളും നൽകൽ 219/17-18 | 2968886 /31.3.18 5/17-18 | 10,0000 50,000 | PRF 2523 26.3.18 PRF 2523 26.3.18 | 1,00,000/- 50,000 | 74550 ഉപകരണങ്ങൾ | 75,450/- |

ഓഡിററ് തീയതി വരെയും (18.7.18) മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമാകാത്തതു സംബന്ധിച്ച വിവരം നിർവഹണ ഉദ്യോഗസ്ഥൻ ഭരണസമിതിയെ അറിയിയ്ക്കുകയോ ആയതിന്മേൽ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം (/2/21.7.18) ത്തിന് മറുപടിയായി 1,50,000/-യിൽ 74550 രൂപയ്ക്കുള്ള സാധനസാമഗ്രികൾ ലഭ്യമായതായി മെഡിയ്ക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. അവശേഷിയ്ക്കുന്ന 389367 രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതുവരെ തുക തടസ്സം ചെയ്യുന്നു.

## 3-10 എസ് എസ് എ യ്ക്കു വിഹിതം - വിശദമായ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

25,35,000 ലക്ഷം രൂപ അടങ്കലായി ഹെഡ്മാസ്ററർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ എസ് എസ് എ യ്ക്കു വിഹിതം നൽകൽ എന്ന പദ്ധതിയ്ക്കു വേണ്ടി, വികസനഫണ്ടിൽ നിന്നും താഴെപ്പറയും പ്രകാരം തുക പിൻവലിച്ച് എസ് എസ് എ യ്ക്കു നൽകിയിട്ടുണ്ട്.

| ക്രമ നം | ബിൽ നം | തുക | തീയതി |
|---|---|---|---|
| 1 | 1/17-18 | 19,00,000 | 3.8.17 |
| 2 | 6/17-18 | 6,35,000 | 19.3.18 |

25,35,000 ലക്ഷം രൂപ ചെലവഴിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിനു ഹാജരാക്കിയിട്ടുണ്ടെങ്കിലും തുക ഏതെല്ലാം സ്കൂളുകൾക്ക് ഏതെല്ലാം ഇനത്തിൽ ചെലവഴിച്ചു എന്നതു സംബന്ധിച്ച് വിശദമായ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് 5/21.7.18 നമ്പറായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന്, പ്രസ്തുത വിവരങ്ങൾ എസ് എസ് എ യുടെ ഓഫീസിൽ നിന്ന് ലഭ്യമാക്കിയിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. വിശദമായ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ തുക തടസ്സം ചെയ്യുന്നു.

## 3-11 വി ഇ ഒ നിർവഹിച്ച പ്രൊജക്ടിലെ അപാകതകൾ

വികസനഫണ്ട് 20 ലക്ഷവും തനതു ഫണ്ട് 4 ലക്ഷവും വകയിരുത്തി വി.ഇ.ഒ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വീട് പുനരുദ്ധാരണം (ജനറൽ) എന്ന പദ്ധതി പ്രകാരം (പ്രൊജക്ട് നം26/17-18), വീട്ടു പുനരുദ്ധാരണത്തിനായി 20,000 രൂപ വീതം 106 ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. ഈ പ്രൊജക്ടുമായി ബന്ധപ്പെട്ട ഫയലുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1.ഈ പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ ലഭ്യമാകുന്നതിനുള്ള അപേക്ഷകളിന്മേൽ അവശ്യം വേണ്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല.

2.മോണിറ്ററിംഗ് സമിതി റിപ്പോർട്ടിൽ യാതൊരു വിവരങ്ങളും ചേർക്കാതെ ഒപ്പു മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

3.ഗുണഭോക്താക്കൾ പഞ്ചായത്തുമായി കരാറുടമ്പടി വെച്ചതിന്റെ രേഖകളൊന്നും തന്നെ ഫയലിൽ ലഭ്യമല്ല.

4.എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ വിവരമോ ആയതിന്മേലുള്ള വാലുവേഷൻ സർട്ടിഫിക്കറ്റോ ഹാജരാക്കിയിട്ടില്ല.

5.സബ്സിഡി മാർഗ്ഗരേഖ പ്രകാരം 100 ച.മീ വിസ്തീർണമുള്ള വീടുകൾക്ക് ഈ ആനുകൂല്യത്തിന് അർഹതയില്ല. ആയത് തെളിയിയ്ക്കുന്നതിനുള്ള

രേഖകളും ഫയലിൽ ലഭ്യമല്ല.

ഈ വിഷയത്തിൻ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഉണ്ടായതായി കാണുന്നില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 18 /27.7.18 നം ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-12 സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കാത്തത്

ഓഡിറ്റ് അന്വേഷണം 19 /21.7.18

വികസനഫണ്ട് 15 ലക്ഷം വകയിരുത്തി വി.ഇ.ഒ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വീട് പുനരുദ്ധാരണം (എസ്.സി) എന്ന പദ്ധതി പ്രകാരം (പ്രൊജക്ട് നം140/17-18), വീട്ടു പുനരുദ്ധാരണത്തിനായി 30,000 രൂപ വീതം 6 ഗുണഭോക്താക്കൾക്ക് നൽകിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1.ബിൽ നം 5/17-18 തുക 90000/- തീയതി 22.3.18

| ഗുണഭോക്താവിന്റെ പേര് | വാർഡ് നം |
|---|---|
| നീലാണ്ടൻ പടിപ്പുരയ്ക്കൽ | 12 |
| കുഞ്ഞിപ്പെണ്ണ് | 12 |
| ശാരദ | 18 |

2.ബിൽ നം 8/17-18 തുക 90000/- തീയതി. 31.3.18

| ഗുണഭോക്താവിന്റെ പേര് | വാർഡ് നം |
|---|---|
| കൊറ്റിക്കുട്ടി | 12 |
| സുമതി | 11 |
| വൽസല | 11 |

മേൽ ഗുണഭോക്താക്കൾക്ക് ഇതേ ആനുകൂല്യം പട്ടികജാതി വികസന വകുപ്പിൽ നിന്നും ലഭിച്ചിട്ടില്ല എന്നതിന്റെ സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല. ആയത് ഓഡിറ്റിന് ലഭ്യമാക്കുന്നതുവരെ പദ്ധതിയ്ക്കുവേണ്ടി ചെലവഴിച്ച 1,80,000 രൂപ തടസ്സം ചെയ്യുന്നു.

## 3-13 ഡെപ്പോസിറ്റ് പ്രവൃത്തികൾ - പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്

2017-18 -ൽ താഴെ പറയുന്ന പ്രവൃത്തികൾക്കായി, 31,28,615 രൂപ കേരള ഇലക്ട്രിസിറ്റി ബോർഡ് /കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/തീയതി | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | 186/18 | തൃക്കലങ്ങോട് കുടിവെള്ള പദ്ധതി - വാട്ടർ അതോറിറ്റിക്ക് പഞ്ചായത്ത് വിഹിതം നൽകൽ | 14/17-18/ 03-11-17 | 1,50,000 | പ്രവൃത്തി പൂർത്തീകരണ/ തുക വിനിയോഗ സാക്ഷ്യപത്രം, കരാറുടമ്പടി എന്നിവ ഹാജരാക്കിയിട്ടില്ല |
| 2 | 187/18 | എസ്.സി കോളനികളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 36/17-18/ 28-03-18 | 4,01,500 | -ടി- |

| | | | | | |
|---|---|---|---|---|---|
| 3 | 224/18 | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ (ജനറൽ) | 33/17-18/ 22-03-18<br>32/17-18/ 22-03-18<br>37/17-18/ 28-03-18<br>38/17-18/ 28-03-18 | 3,87,155<br>10,88,846<br>2,92,340<br>22,997 | -ടി- |
| 4 | 225/18 | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ (എസ്.സി) | 42/17-18/ 28-03-18 | 7,85,777 | |

ആകെ - 31,28,615

മേൽ പ്രവൃത്തികളുടെ കരാറുടമ്പടി/പൂർത്തീകരണ/തുക വിനിയോഗവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനക്കായി ലഭ്യമാക്കാനാവശ്യപ്പെട്ട് 24-07-18 – ന് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ മേൽ പ്രവൃത്തികളൊന്നും പൂർത്തീകരിച്ചിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരണ വിവരം ലഭ്യമാക്കുന്നത് വരെ 31,28,615 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു. വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

## 3-14 ഗ്രോബാഗ് വിതരണം - സംബന്ധിച്ച്

2017-18 -ൽ വികസന ഫണ്ടിൽ നിന്നും 76,000 രൂപയും തനത് ഫണ്ടിൽ നിന്നും 200 രൂപയും ഗുണഭോക്തൃ വിഹിതം 25,400 രൂപയും വകയിരുത്തി തയ്യാറാക്കിയ ഗ്രോബാഗ് വിതരണത്തിന്റെ ഭാഗമായി (പ്രോജക്റ്റ് നമ്പർ S0214/17) കോഡൂർ കാർഷിക കർമ്മസേന എന്ന സ്ഥാപനത്തിന്റെ 06-03-18 -ലെ 387 -ാം നമ്പർ ഇൻവോയ്സ് പ്രകാരം 80 രൂപ വിലയുള്ള 1270 ഗ്രോബാഗുകൾ വാങ്ങിയിട്ടുണ്ട്.

ഇതിന്റെ വിലയായ 1,01,600 രൂപയിൽ 76,000 രൂപ വികസന ഫണ്ടിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസറുടെ 22-03-18 -ലെ 7/16-17 നമ്പർ ബിൽ പ്രകാരം പിൻവലിച്ച് മേൽ സ്ഥാപനത്തിന് നൽകിയിരുന്നു. അവശേഷിക്കുന്ന തുകയിൽ ഗുണഭോക്തൃ വിഹിതം 25,400രൂപ, 17-03-18 -ലെ 96 -ാം നമ്പർ രസീത് പ്രകാരവും തനത് ഫണ്ട് വിഹിതം 200 രൂപ 24-04-18 -ലെ 98 -ാം നമ്പർ രസീത് പ്രകാരവും മേൽ സ്ഥാപനം കൈപ്പറ്റിയിട്ടുണ്ട്.

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1- പഞ്ചായത്ത് ഭരണ സമിതിയുടെ 21-08-17 -ലെ 1- ാം നമ്പർ തീരുമാന പ്രകാരം നൽകിയ ഗുണഭോക്തൃ ലിസ്റ്റിലെ 81 പേരും അഡീഷണൽ ലിസ്റ്റിലെ 61 പേരുമുൾപ്പെടെ ആകെ 142 ഗുണഭോക്താക്കളാണ് ഈ പ്രോജക്റ്റിൽ ഉണ്ടായിരുന്നത്. എന്നാൽ ഗ്രോബാഗ് വിതരണ വിവരം ലഭ്യമല്ലാത്തതിനാൽ അർഹരായ ഗുണഭോക്താക്കൾക്കാണോ ഗ്രോബാഗ് നൽകിയതെന്ന് വ്യക്തമല്ല.

2- കൃഷി വകുപ്പ് പദ്ധതി പ്രകാരം ഗ്രോബാഗ് നൽകിയവർക്ക് വീണ്ടും നൽകാൻ പാടില്ലെന്ന നിർദ്ദേശമുണ്ടെങ്കിലും ആയത് പാലിച്ചോ എന്നത് സംബന്ധിച്ച് നിർവ്വഹണോദ്യോഗസ്ഥന്റെ സാക്ഷ്യപത്രമില്ല.

3- വികസന സ്റ്റാന്റിംഗ് കമ്മറ്റിയുടെ 27-03-18 -ലെ 2 -ാം നമ്പർ തീരുമാന പ്രകാരം വ്യക്തിഗത ആനുകൂല്യങ്ങൾ അർഹതപ്പെട്ടവരിലേക്ക് മാത്രം എത്തേണ്ടതായതിനാൽ അർഹതയുള്ളവർക്ക് മാത്രം നൽകേണ്ടതാണെന്ന് പറയുന്നുണ്ടെങ്കിലും ഗ്രോബാഗ് വിതരണത്തിൽ ഇത് പ്രാവർത്തികമായോ എന്ന് തുടർന്നുള്ള മീറ്റിംഗുകളിൽ വിലയിരുത്തിയതായി കാണുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് 25-07-2018 -ന് കൊടുത്ത 11 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ഗ്രോബാഗ് അതാത് വാർഡ് മെമ്പർമാരുടെ സാന്നിധ്യത്തിൽ അവരവരുടെ വാർഡിലാണ് ഇറക്കിയതെന്ന് അറിയിച്ചിട്ടുണ്ട്. അത് പോലെ കൃഷി വകുപ്പ് പദ്ധതി പ്രകാരം 2017-18 -ൽ ആദ്യമായാണ് ഗ്രോബാഗ് നൽകുന്നതെന്നും അറിയിച്ചിട്ടുണ്ട്.

വിതരണ വിവരം/കൈപ്പറ്റ് , നിർവ്വഹണോദ്യോഗസ്ഥന്റെ സാക്ഷ്യപത്രം എന്നിവ മറുപടിയുടെ കൂടെ ലഭ്യമാക്കാത്തതിനാൽ ചെലവ് തുക 76,200 രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-15 അംഗനവാടി പോഷകാഹാരം പദ്ധതി - മലബാർ അഗ്രികൾച്ചറൽ മാർക്കറ്റിംഗ് സൊസൈറ്റി എന്ന സ്ഥാപനത്തിൽ നിന്ന് ഉയർന്ന വിലക്ക് ഭക്ഷ്യ വസ്തുക്കൾ വാങ്ങി - പഞ്ചായത്ത് ഫണ്ടിന് നഷ്ടം

പ്രൊജക്റ്റ് നം. : S0014/18

നിർവ്വഹണ ഉദ്യോഗസ്ഥ : ഐ.സി.ഡി.എസ് സൂപ്പർവൈസർ

ഐ.സി.ഡി.എസ് അംഗനവാടി പോഷകാഹാരം പദ്ധതിക്കു കീഴിൽ പഞ്ചായത്തിന്റെ പരിധിയിലുള്ള

അംഗനവാടികൾക്കായി മലബാർ മാർക്കറ്റിംഗ് സൊസൈറ്റി എന്ന സ്ഥാപനത്തിൽ നിന്ന് 2017-18 വർഷത്തിൽ ഭക്ഷ്യ വസ്തുക്കൾ വാങ്ങിയിട്ടുണ്ട്. ടി സ്ഥാപനം സിവിൽ സപ്ലൈസിലെ വിലയിലും കുറഞ്ഞ വിലക്കാണ് ഭക്ഷ്യ വസ്തുക്കൾ വിൽക്കുന്നത് എന്നതാണ് ഇതിന്റെ കാരണമായി പഞ്ചായത്ത് വ്യക്തമാക്കിയത്. 03.07.2017ലെ പഞ്ചായത്ത് കമ്മിറ്റിയിലെ 9-ാം നമ്പർ തീരുമാന പ്രകാരം ടി സ്ഥാപനത്തിന് ഭക്ഷ്യ വസ്തുക്കൾ വിതരണം ചെയ്യാനുള്ള അനുമതി നൽകിയതായി കാണുന്നു. സിവിൽ സപ്ലൈസിലെ വില മലബാർ സൊസൈറ്റി ഈടാക്കുന്നതിൽ നിന്നധികരിക്കുന്നു എന്നു തെളിയിക്കുന്ന താരതമ്യപത്രികയും ഐ.സി.ഡി.എസ് സൂപ്പർവൈസർ സമർപ്പിച്ചിട്ടുണ്ട്.

എന്നാൽ ഈ താരതമ്യ പത്രികയിൽ കാണിച്ചിരിക്കുന്ന തുക സിവിൽ സപ്ലൈസ് വ്യക്തിഗത ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്നതാണ്. ഐ.സി.ഡി.എസ് പദ്ധതിക്കായി ഇതിലും കുറഞ്ഞ വിലക്കാണ് സിവിൽ സപ്ലൈസ് മാവേലി സ്റ്റോറുകൾ / സപ്ലൈക്കോ സൂപ്പർമാർക്കറ്റുകൾ വഴി ഭക്ഷ്യ വസ്തുക്കൾ വിതരണം ചെയ്യുന്നത്. ആ നിലക്ക് സിവിൽ സപ്ലൈസിലെ വിലയിലും അധികരിച്ചാണ് ഭക്ഷ്യവസ്തുക്കൾ മലബാർ അഗ്രികൾച്ചറൽ മാർക്കറ്റിംഗ് സൊസൈറ്റി എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയിട്ടുള്ളതെന്ന് ഓഡിറ്റിൽ വ്യക്തമായി. ഇത് 04.05.2011 ലെ സർക്കുലർ 54814/ഡി.സി 2/10/ത.സ്വ.ഭ.വ എന്നതിന്റെ ലംഘനമാണ്.

അംഗനവാടികളിലേക്ക് ഗോതമ്പ് നുറുക്ക് വാങ്ങിയതിന്റെ വിശദാംശങ്ങൾ ഉദാഹരണമായി ചുവടെ കൊടുക്കുന്നു. (സിവിൽ സപ്ലൈസ് വിതരണം ചെയ്യുന്നത് സ്വാമീസ് ബ്രാൻഡിലുള്ള ഗോതമ്പ്-നുറുക്ക് ആണ്. ഐ.സി.ഡി.എസ് സൂപ്പർവൈസർ സമർപ്പിച്ച താരതമ്യപത്രികയിലും ഇതേ ബ്രാൻഡ് ആണ് രേഖപ്പെടുത്തിയിരിക്കുന്നത്)

| ക്രമ നം. | ബിൽ നം. | തീയ്യതി | ട്രഷറി ബിൽ / ചെക്ക് നം., തീയ്യതി | സൊസൈറ്റി ഈടാക്കിയ നിരക്ക് (per kg) | സിവിൽ സപ്ലൈസ് നിരക്ക് (per kg) | നിരക്കിലുള്ള വ്യത്യാസം | വാങ്ങിയ അളവ് (in kg) | ആകെ തുകയിലുള്ള വ്യത്യാസം |
|---|---|---|---|---|---|---|---|---|
| 1 | 04 | 28.06.17 | 09/17-18, 22.08.17 | 56 | 42.56 | 13.44 | 3700 | 49,728 |
| 2 | 08 | 18.08.17 | 09/17-18, 22.08.17 | 56 | 42.56 | 13.44 | 4462.58 | 59,977 |
| 3 | 17 | 27.11.17 | 2968841, 16.01.18 | 62 | 42.56 | 19.44 | 3700 | 71,928 |
| 4 | 32 | 16.02.18 | 28/17-18, 27.03.18 | 63 | 42.56 | 20.44 | 6950 | 1,42,058 |
| | | | | | | | ആകെ | 3,23,691 |

പട്ടികയിൽ സൂചിപ്പിച്ച പോലെ ഗോതമ്പു നുറുക്ക് വാങ്ങിയതിൽ പഞ്ചായത്തിന് 3,23,691/- രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്. നഷ്ട തുക ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 16/ 27.07.2018 – നുള്ള മറുപടിയിൽ 2017-18 വർഷത്തിൽ സിവിൽ സപ്ലൈസിൽ നിന്നു ഭക്ഷ്യ സാധനങ്ങൾ വാങ്ങാൻ അപേക്ഷിച്ചിരുന്നെങ്കിലും (സൂചിക അപേക്ഷ നം. 2270 തീയ്യതി 08.05.2017) മലബാർ സൊസൈറ്റിയിൽ നിന്ന തന്നെ വാങ്ങാനാണ പഞ്ചായത്ത് ഭരണ സമിതി തീരുമാനമെടുത്തത് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ് സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്. ആ നിലക്ക് പഞ്ചായത്തിന് ഉണ്ടായ നഷ്ടത്തിന് ഭരണ സമിതി കൂടി ഉത്തരവാദികളാണെന്ന് ഓഡിറ്റ് മനസ്സിലാക്കുന്നു.

സ്ത്രീകളുടെയും കുട്ടികളുടെയും ഭക്ഷ്യ ഭദ്രതയും ആരോഗ്യവും ഉറപ്പു വരുത്തുന്നതിനായി രൂപീകരിക്കപ്പെട്ട അങ്കണവാടി പോഷകാഹാരം പോലെയുള്ള പദ്ധതികളുടെ ധനവിനിയോഗത്തിൽ മേൽ സൂചിപ്പിച്ച പോലെയുള്ള അപാകതകൾ വരാതിരിക്കാൻ വികസന സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേര് ,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, മലപ്പുറം | 212500 | പ്രൊജക്ട് 20/18 സമഗ്ര നെൽകൃഷി വികസനം | 212500 | 0 |
| ജില്ലാ പഞ്ചായത്ത് | 212500 | പ്രൊജക്ട് 20/18 സമഗ്ര നെൽകൃഷി വികസനം | 212500 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 122500 | പ്രൊജക്ട് 21/18 പച്ചക്കറിയ്ക്ക് കൂലി ചെലവ് | 122500 | 0 |
| ജില്ലാ പഞ്ചായത്ത് | 140000 | പ്രൊജക്ട് 17/18 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 140000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 100000 | പ്രൊജക്ട് 17/18 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 1000000 | പ്രൊജക്ട് 144/18 പഞ്ചായത്ത് മിനി സ്റ്റേഡിയം വാങ്ങൽ | 0 | 1000000 |
| ബ്ലോക്ക് പഞ്ചായത്ത് | 100000 | പ്രൊജക്ട് 219/18 പരിരക്ഷാ മാർഗരേഖയ്ക്കു വിധേയമായി സന്നദ്ധ സംഘടനകൾക്ക് മരുന്ന് അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ | 100000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയതുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | പ്രൊജക്ട് 187/18 എസ്.സി. കോളനികളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിയ്ക്കൽ | 1715015200701307041 | 40,15,000 | 40,15,000 | ഇല്ല | 0 |
| 'കേരള സ്റ്റേററ് ഇലക്ട്രിസിററി ബോർഡ് | പ്രൊജക്ട് 224/18 സ്ട്രീറ്റ് മെയിൻസ്ഥാപിയ്ക്കൽ (ജനറൽ) | 1715015200701214337 | 387155 | 387155 | ഇല്ല | 0 |
| കേരള സ്റ്റേററ് ഇലക്ട്രിസിററി ബോർഡ് | പ്രൊജക്ട് 224/18 സ്ട്രീറ്റ് മെയിൻസ്ഥാപിയ്ക്കൽ (ജനറൽ) | 1715015200701214342 | 1088846 | 1088846 | ഇല്ല | 0 |
| കേരള സ്റ്റേററ് ഇലക്ട്രിസിററി ബോർഡ് | പ്രൊജക്ട് 224/18 സ്ട്രീറ്റ് മെയിൻസ്ഥാപിയ്ക്കൽ | 1715015200701295684 | 292340 | 292340 | ഇല്ല | 0 |

| | | | | | | |
|---|---|---|---|---|---|---|
| | (ജനറൽ) | | | | | |
| കേരള സ്റ്റേററ് ഇലക്ട്രിസിററി ബോർഡ് | പ്രൊജക്ട് 224/18 സ്ട്രീറ്റ് മെയിൻസ്ഥാപിയ്ക്കൽ (ജനറൽ) | 1715015200701295685 | 22997 | 22997 | ഇല്ല | 0 |
| കേരള സ്റ്റേററ് ഇലക്ട്രിസിററി ബോർഡ് | പ്രൊജക്ട് 225/18 സ്ട്രീറ്റ് മെയിൻസ്ഥാപിയ്ക്കൽ (എസ്.സി) | 1715015200701295683 | 785777 | 785777 | ഇല്ല | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല

## 4-4 വായ്പ തിരിച്ചടവ്

വായ്പ തിരിച്ചടവ്

(എ) വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.

ഇല്ല

(ബി) വായ്പ തിരിച്ചടവിന്റെ വിവരം.

ഇല്ല

## 4-5 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിലുണ്ടായിരുന്ന സ്ഥിരനിക്ഷേപം | 2247906 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 2247906 |
| തൻവർഷം പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിയ്ക്കുന്ന സ്ഥിര നിക്ഷേപം | 2343442 |

വർഷാവസാനംഅവശേഷിയ്ക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം |
|---|---|---|
| വള്ളുവമ്പ്രം സർവ്വീസ് സഹകരണ ബാങ്ക് | 2343442 | R 8506/ 1.2.18 |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം തുക ഈടാക്കിയിട്ടില്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തില മുൻവർഷ ഓഡിററ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിററ് നിയമം 23 -ാം വകുപ്പ പ്രകാരമുളള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളിൽ തീർപ്പാക്കാനവശേഷിക്കുന്നവയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 2004-05 | 49 | കൃഷി അവലോകനം | നിയമസഭാസമിതിയുടെ പരിഗണനയിലാണ് |

| | | | |
|---|---|---|---|
| 2011-12 | 3.27 | ലഘു അവലോകനം | നിയമസഭാസമിതിയുടെ പരിഗണനയിലാണ് |

## 4-8 സർച്ചാർജ് നടപടികളുടെ വിവരം

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | ചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | RR ലൂടെ ഈടാക്കിയ തുക | കോടതി വ്യവഹാര ങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേ ഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | |
| | | | | നമ്പറും തിയ്യതിയും | തുക | തുക | | | | | |
| 1 | 1998-99 | 57 (1)(2) | എ വി ചന്ദ്രൻ സെക്രട്ടറി | L.F2711/Spl cell/SC5/04 dtd.16.3.04 | 5941 | 5941 (70101/80 /14.6.12) | - | - | - | 5941 | 0 |
| 2 | 2004-05 | 3(3) 3(6) 3(9) | പി ബൈജു രാജൻ സെക്രട്ടറി | L.F19757/Spl cell/SC5 /09dtd 22.7.11 | 21537 | 21537 33/22.8.14 | DCRG യിൽ നിന്നും തുക ഈടാക്കി | - | - | 21537 | 0 |
| 3 | 2000-01 | 35(2) 36(1)(2) 37(1)(2) 38(1)(2) 40 | ഒ. സുലൈമാൻ കുട്ടി എ.എ.ഇ | L.F19757/Spl cell/SC5/04 dtd .18.9.16 | 12121 | 12121 (5490/ 5,6,7,8,9) | - | - | - | 12121 | 0 |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,92,38,758/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,24,68,827/- |
| വരവിനങ്ങളിലുള്ള നഷ്ടം | 3,145/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 3,23,691/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,04,51,444/- |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-4 | 3,145 | | ശ്രീ. വി.എൻ. അനിൽ , സെക്രട്ടറി |
| 3-15 | | 3,23,691 | ശ്രീമതി.ലില്ലി മാത്യു, ഐ.സി.ഡി.എസ്. സൂപ്പർവൈസർ, ഭരണ സമിതി അംഗങ്ങൾ |
| ആകെ | 3,145 | 3,23,691 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | |
|---|---|---|---|
| 3-3 | 612471 | ശ്രീ.നിഖിൽ ജെ കുമാർ, അസിസ്റ്റന്റ് എഞ്ചിനിയർ | |
| 3-5 | 142820 | ശ്രീ.നിഖിൽ ജെ കുമാർ, അസിസ്റ്റന്റ് എഞ്ചിനിയർ | |
| 3-6 | 3343968 | ശ്രീ.നിഖിൽ ജെ കുമാർ, അസിസ്റ്റന്റ് എഞ്ചിനിയർ | |
| 3-8 | 43003 | ശ്രീ.നിഖിൽ ജെ കുമാർ, അസിസ്റ്റന്റ് എഞ്ചിനിയർ | |
| 3-9 | 2535000 | ശ്രീ. മുസ്തഫ എം, ഹെഡ് മാസ്ററർ | |
| 3-10 | 389367 | ഡോ.യൂനുസ് സലീം, മെഡിയ്ക്കൽ ഓഫീസർ (പി.എച്ച്.സി) | |
| 3-12 | 180000 | ശ്രീ. അജയകുമാർ വി, വില്ലേജ്എക്സ്ററൻഷൻ ഓഫീസർ | |
| 3-13 | 3128615 | ശ്രീ.വി.കെ. കൃഷ്ണകുമാർ, സെക്രട്ടറി | 1,50,000 |
| | | ശ്രീ.വി.എൻ.അനിൽ, സെക്രട്ടറി | 29,78,615 |
| 3-14 | 76200 | ശ്രീ. പ്രകാശൻ പുത്തൻമഠത്തിൽ, കൃഷി ഓഫീസർ | |
| ആകെ | 1,04,51,444/- | | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം

മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.വി.എൻ. അനിൽ, സെക്രട്ടറി | സെക്രട്ടറി, ചെറുകോല് ഗ്രാമ പഞ്ചായത്ത്, പത്തനംതിട്ട ജില്ല | വേലുംതറ പുത്തൻവീട്, 'പ്രമോദം' മലീശ്ശിരി (പി.ഒ), പത്തനംതിട്ട 689 646 |
| ശ്രീമതി. ലില്ലി മാത്യു ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ പൂക്കോട്ടൂർ ഗ്രാമ പഞ്ചായത്ത് | റോസ് നിവാസ്, മുതിരപ്പറമ്പ്, വള്ളുവമ്പ്രം (പി.ഒ), മലപ്പുറം ജില്ല |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1992-93 1993-94 | എൽ എഫ് എം/14/677/97 തീയതി.19.10.10 | 15 |
| 1994-95 1995-96 | എൽ എഫ് എം/14/450/01 തീയതി.19.10.10 | 12 |
| 1998-99 | എൽ എഫ് എം17/1330/03 തീയതി.19.10.10 | 28 |
| 1999-00 | എൽ എഫ് എം.17/68803 | 5 |

| | | |
|---|---|---|
| | തീയതി.19.10.10 | |
| 2000-01 | എൽ എഫ് എം17/377/04<br>തീയതി.19.10.10 | 36 |
| 2001-02 | എൽ എഫ് എം171196/03<br>തീയതി.19.10.10 | 6 |
| 2002-03 | എൽ എഫ് എം17/1732/04<br>തീയതി.19.10.10 | 11 |
| 2003-04 | എൽ എഫ് എം17/2074/06<br>തീയതി.19.10.10 | 23 |
| 2004-05 | എൽ എഫ് എം10/932/09<br>തീയതി.19.10.10 | 21 |
| 2005-06 | കെഎസ്എഎംപിഎം11/1993/10<br>തീയതി.31.10.15 | 25 |
| 2006-07 | എൽ എഫ് എം10/443/09<br>തീയതി.19.10.10 | 47 |
| 2007-08 | കെഎസ്എഎംപിഎം10/249/11<br>തീയതി.2.7.12 | 9 |
| 2008-09 | എൽ എഫ് എം10/2493/11<br>തീയതി.2.7.12 | 12 |
| 2009-10<br>2010-11 | എൽ എഫ് എം11/1611/13<br>തീയതി.10.4.14 | 23 |
| 2011-12 | കെ.എസ്.എ.എം.പി.എം11/356/14<br>തീയതി.22.9.15 | 16 |
| 2012-13 | കെ എസ് എ എം പി എം11/816<br>തീയതി.1.3.16 | 8 |
| 2013-14<br>2014-15 | കെ.എസ്.എ.എം.പി.എം27//1770/16<br>തീയതി.20.7.16 | 18 |
| 2015-16 | കെ.എസ്.എ.എം.പിഎം27/3008/16<br>തീയതി.6.2.17 | 17 |
| 2016-17 | കെ എസ് എ എം പി എം27/2012/17<br>തീയതി.19.10.17 | 25 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - I

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.എം.പി.എം. 27/1689/2018

dompm.ksad@kerala.gov.inഇ-മെയിൽ:
പിൻ- 676 505 ഫോൺ: 0483-2734951
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

തീയ്യതി- 03-07-2018

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ പൂക്കോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പൂക്കോട്ടൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Audit Certificate

No.KSA/MPM.27/1689/2018

Kerala State Audit Department
District office ,Malappuram
Phone: 0483 -2734951
Email: dompm.ksad@kerala.gov.in
Date:03-07-2018

Certified that I have audited the Annual Financial Statement of Pookkoottoor Grama panchayath in Malappuram District of the year ended on 31.3.18 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller And Auditor Genaral of India of the purpose of audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of Pookkoottoor Grama panchayath for the year 2017-18 except the observations in My audit report properly presents the picture of income and expenditure.

Deputy Director

Kerala State Audit Department